മനുഷ്യാവകാശ കമ്മീഷന്റെ വിധികൾ

187 (1892) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമപ്രകാരം ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും മനുഷ്യാവകാശ കമ്മീഷനിൽ പോലീസ്/സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ലഭിച്ച പരാതികളിൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്, അവർ ആരെല്ലാം ; ആർക്കെല്ലാം എതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ സർക്കാർ തീരുമാനങ്ങൾക്കെതിരെ മനുഷ്യാവകാശ കമ്മീഷന്റെ എത്ര വിധികൾ വന്നു, എത്ര എണ്ണത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചു ;

(ഡി) ലിംഗപരമായ അസമത്വം, മലിനീകരണം, പരിസ്ഥിതിനാശം, ബ്ലേഡ് മാഫിയ തുടങ്ങി മാഫിയകൾ എന്നിവരിൽ നിന്നും ജനങ്ങൾക്ക് സംരക്ഷണം നൽകിക്കൊണ്ട് മനുഷ്യാവകാശ കമ്മീഷൻ എത്ര കേസ്സുകളിൽ 2011-12 മുതൽ 2015-16 വരെ വിധികൾ പ്രഖ്യാപിച്ചു ; അതിന്മേൽ ഓരോ കേസ്സിലും സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആഗോള മനുഷ്യാവകാശ ദിനമായ ഡിസംബർ 10-ന് കേരളത്തിലെ മുഴുവൻ സർക്കാർ ആഫീസുകളിലും വിദ്യാലയങ്ങളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുത്തുവരുന്നു. 11-9-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 227/13/ഹോം ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലെയും പ്രിൻസിപ്പൽ ജില്ല സെഷൻസ് കോടതികളെ 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്ടിൻ കീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനുവേണ്ടിയുള്ള മനുഷ്യാവകാശ കോടതികളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly